**കേരള സർക്കാർ**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി)വകുപ്പ്**

**പരിപത്രം**

നം.ഉപ.സി.2/76/2020-ഉഭപവ തിരുവനന്തപുരം, തീയതി 19.11.2020

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് - സ്കൂൾ/കോളേജുകളിലെ അധ്യാപകർ എന്നിവർ സാമൂഹിക മാധ്യമങ്ങൾ മുഖേന മത്സര പരീക്ഷകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ക്ലാസുകൾ എടുക്കുന്നത് നിരോധിക്കുന്നത് -നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 12.03.2020 ലെ ഉപ.സി.2/76/2020-ഉഭപവ നമ്പർ പരിപത്രം.

സർക്കാർ ജീവനക്കാർ, സർക്കാർ എയ്ഡഡ്-സ്കൂൾ/ കോളേജുകളിലെ അധ്യാപകർ എന്നിവർ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുന്നതും, അത്തരം സ്ഥാപനങ്ങളിൽ അധ്യാപനം നടത്തുന്നതും, മേല്പറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുസ്തകങ്ങളും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതും അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂട്ടുനിൽക്കുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് സൂചന പ്രകാരമുള്ള പരിപത്രം മുഖേന വ്യവസ്ഥ ചെയ്തിട്ടുണ്ട് .

**2.** കെ.എസ്.ആർ. ഭാഗം ഒന്ന്, അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതന അവധിയെടുത്ത ജീവനക്കാർ പ്രസ്തുത പരിപത്രത്തിന്റെ പരിധിയിൽ ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ഭരണവകുപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ട് . കൂടാതെ സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ്-സ്കൂൾ / കോളേജുകളിലെ അധ്യാപകർ എന്നിവർ സ്വകാര്യ മത്സര പരീക്ഷ കേന്ദ്രങ്ങൾ/ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സാമൂഹിക മാധ്യമങ്ങളിലൂടെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

**3.** സർക്കാർ പ്രസ്തുത വിഷയങ്ങൾ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സൂചന പരിപത്രത്തിലെ നിർദേശത്തിനു പുറമെ ഈ വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

**I)** സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് - സ്കൂൾ/ കോളേജുകളിലെ അധ്യാപകർ എന്നിവർ സാമൂഹിക മാധ്യമങ്ങൾ (വാട്ട്സ് ആപ്പ്, ഫേസ് ബുക്ക് , യൂ ട്യൂബ്, ടെലഗ്രാം, ഇൻസ്റ്റഗ്രാം മുതലായവ) മുഖേന മത്സര പരീക്ഷകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ സർക്കാർ പദ്ധതികളുടെ

ഭാഗമായിട്ടുള്ള മത്സര പരീക്ഷ പരിശീലനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് ഈ നിർദ്ദേശം ബാധകമായിരിക്കില്ല.

II ) കെ.എസ്.ആർ. ഭാഗം ഒന്ന്, അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതന അവധിയെടുക്കുന്ന ജീവനക്കാർക്ക് സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങളോ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളോ സ്ഥാപിക്കുവാനോ/നടത്തുവാനോ പാടുള്ളതല്ല.

**4.** ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പുമേധാവികൾ/ നിയമനാധികാരികൾ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പുമേധാവികൾ/നിയമനാധികാരികൾ എന്നിവരുടെ ഭാഗത്തുനിന്നും മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ ലംഘനമുണ്ടായാൽ ആയത് ഗൗരവതരമായി കണക്കാക്കുന്നതാണ്.

**ഡോ. ആഷ തോമസ് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
ധനകാര്യ (റൂൾസ്-ബി) വകുപ്പ് (31.10.2020 ലെ U.O.(R) Rules B1/30/2020-Fin പ്രകാരം)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്
(www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ